

RSK

റിയാദ് സയ്യിദ് കൂട്ടായ്മ

Riyadh Sayyid Koottayma

റിയാദിലും പരിസര പ്രദേശങ്ങളിലും താമസിക്കുന്ന സയ്യിദന്മാരെ ഒരുമിപ്പിച്ച് സാഹോദര്യവും പരസ്പര സഹകരണവും ശക്തിപ്പെടുത്തുകയും, പാരമ്പര്യ മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് സമൂഹത്തിന് മാതൃകാപരമായ നേതൃത്വം നൽകുകയും ചെയ്യുന്ന കുടുംബ കൂട്ടായ്മ.

بسم الله الرحمن الرحيم

പ്രിയപ്പെട്ട റിയാദ് സയ്യിദ് കൂട്ടായ്മ കുടുംബാംഗങ്ങളെ,

السلام عليكم ورحمة الله وبركاته

അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹത്താലും നിങ്ങളുടെ ആത്മാർത്ഥമായ സഹകരണത്താലും **റിയാദ് സയ്യിദ് കൂട്ടായ്മ** ഇന്ന് സൗഹൃദത്തിന്റെയും സേവനത്തിന്റെയും സാഹോദര്യത്തിന്റെയും മനോഹരമായ ഒരു വേദിയായി വളർന്നുകൊണ്ടിരിക്കുന്നു.

ഈ യാത്രയിൽ താങ്കളുടെ വിലപ്പെട്ട സമയവും പിന്തുണയും പ്രാർത്ഥനകളും നൽകിയ ഓരോ അംഗത്തിനും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

നമ്മുടെ കൂട്ടായ്മയുടെ ശക്തി അംഗങ്ങളുടെ സജീവ പങ്കാളിത്തത്തിലാണ്. അതിനാൽ എക്സ്ക്ലൂസീവ് യോഗങ്ങൾ, കുടുംബ സംഗമങ്ങൾ, മീലാദ് പരിപാടികൾ, സാമൂഹിക-ക്ഷേമ പ്രവർത്തനങ്ങൾ, ആരോഗ്യ-വിദ്യാഭ്യാസ സംരംഭങ്ങൾ തുടങ്ങി എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ സാന്നിധ്യവും സഹകരണവും ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

അല്ലാഹു തആല വിശുദ്ധ ഖുർആനിൽ അരുൾ ചെയ്യുന്നു;

"നന്മയിലും ദൈവഭക്തിയിലും നിങ്ങൾ പരസ്പരം സഹകരിക്കുവിൻ."

(സൂറത്തുൽ മാഇദ; 2)

പ്രവാചകൻ മുഹമ്മദ് നബി ﷺ അരുൾ ചെയ്യുന്നു;

"തീർച്ചയായും വിശ്വാസികൾ ഒരു കെട്ടിടത്തിന്റെ ഇഷ്ടികകൾ പോലെയാണ്, ഓരോ ഭാഗവും മറ്റൊന്നിനെ ശക്തിപ്പെടുത്തുന്നു."

(സ്വഹീഹുൽ ബുഖാരി, മുസ്ലിം)

നമ്മുടെ ഐക്യവും സഹകരണവും കൂടുതൽ ശക്തമാകട്ടെ.

അല്ലാഹു നമ്മുടെ ഈ കൂട്ടായ്മയെ തന്റെ പ്രീതിക്ക് കാരണമാകുന്ന ഒരു സദഖ ജാരിയായും സമൂഹത്തിന് ഉപകാരപ്പെടുന്ന ഒരു വേദിയായും സ്വീകരിക്കുമാറാകട്ടെ. ആമീൻ..

എല്ലാവരുടെയും സജീവമായ പങ്കാളിത്തവും പ്രാർത്ഥനകളും തുടർന്നും പ്രതീക്ഷിച്ചുകൊണ്ട്,

ആദരപൂർവ്വം,

പ്രസിഡന്റ്/ ജ: സെക്രട്ടറി
Riyadh Sayyid Koottayma



RSK യുടെ പ്രധാന പ്രവർത്തനങ്ങൾ



ഗ്രോത്ത് ഫണ്ട്

അംഗങ്ങൾക്കായി ദീർഘകാല സാമ്പത്തിക ഉന്നമനം ലക്ഷ്യമിടുന്ന സുരക്ഷിത നിക്ഷേപ പദ്ധതി.

കുടുംബ സംഗമങ്ങൾ

കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം വളർത്തുന്നതിനും പരസ്പരം അറിയാനും അനുഭവങ്ങൾ പങ്കുവെക്കാനും സൗഹൃദം സമ്പുഷ്ടമാക്കുന്ന കുടുംബ സംഗമങ്ങൾ.



INSIGHT മാഗസിൻ

അംഗങ്ങളുടെയും കുടുംബത്തിന്റെയും കലാ-സാഹിത്യാഭിരുചികൾ പരിപോഷിപ്പിക്കാനും അനുഭവങ്ങളും ഓർമ്മക്കുറിപ്പുകളും മറ്റും പങ്കുവെക്കാനുമുള്ള ഡിജിറ്റൽ മാഗസിൻ.

വിധവ പെൻഷൻ പദ്ധതി

സമ്പന്നർ കുടുംബങ്ങളിലെ നിർധനരായ വിധവകൾക്ക് മാസാന്ത പെൻഷൻ നൽകുന്ന പദ്ധതി





സ്പോർട്സ് പ്രവർത്തനങ്ങൾ

ഫുട്ബോൾ, ബാഡ്മിന്റൺ, ചെസ്സ് തുടങ്ങിയ കായിക മത്സരങ്ങളും സൗഹൃദവും പ്രോത്സാഹിപ്പിക്കുന്നു.



നമ്മുടെ കുടുംബാംഗങ്ങളുടെ ദീർഘകാല സാമൂഹിക
ബന്ധവും സാമൂഹിക സുരക്ഷയും സാംസ്കാരിക
പുരോഗതിയും ലക്ഷ്യമാക്കി
റിയാദ് സഫ്വിദ് കൂട്ടായ്മ പ്രയാണം തുടരുന്നു.

പാരമ്പര്യത്തിന്റെ അഭിമാനം
സേവനത്തിന്റെ സരണി

www.rsksa.org